മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതികവിഭാഗം - പാലക്കാട് ജില്ല, അനങ്ങനടി ഗ്രാമപഞ്ചായത്ത്, അനങ്ങനടി വില്ലേജ് - പെട്രോൾപമ്പ് കെട്ടിട നിർമ്മാണം - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. അനങ്ങനടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3.11.2019 ലെ എ 3-4741/2019 നമ്പർ കത്ത്.

2. പാലക്കാട് ടൗൺ പ്ലാനറുടെ 16.12.2019 ലെ TCPPKD/1445/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/3258/2019-C2 തീയതി: **29/01/2020**

---

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അനങ്ങനടി വില്ലേജിൽ സർവ്വേ നമ്പർ 65/25 -ൽ പ്പെട്ട 0.1094 ഹെക്ടർ സ്ഥലത്ത് 225.25 ച.മീ. (കനോപ്പി ഏരിയ - 192 ച.മീ. + ഓഫീസ് ബിൽഡിംഗ് - 33.25 ച.മീ.) വിസ്തൃതിയിൽ പെട്രോൾപമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സുരേഷ്, ചങ്ങരംതൊടിയുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം, റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 ലെ റൂൾ 61(15), 61(17) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർഫോഴ്സ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റ് 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി രൂപപ്പെടുത്തേണ്ടതാണ്.
7. സാനിറ്റേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.

9. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
10. മേൽ നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണാനുമതിയും ഒക്കുപ്പെൻസിയും നൽകേണ്ടതാണ്.
11. ഡിസ്പെൻസിംഗ് യൂണിറ്റിന് ചുറ്റും 7.5 മീ. തുറസ്സായ സ്ഥലം ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 15/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉള്ളടക്കം– ഒരു സെറ്റ് പ്ലാൻ

ഉത്തരവിൻ പ്രകാരം

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
അനങ്ങനടി ഗ്രാമപഞ്ചായത്ത്,
പനമണ്ണ. പി.ഒ., പാലക്കാട്
പകർപ്പ്:-

1. ശ്രീ. സുരേഷ്,ചങ്ങരംതൊടി ഹൗസ്, മാരായമംഗലം.പി.ഒ, പാലക്കാട് - 679335.
2. ടൗൺ പ്ലാനർ, പാലക്കാട്
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

Ba/25.1.20